ലേഖനം

# വിശുദ്ധീകരിക്കേണ്ട വിശ്വാസങ്ങൾ

ജോൺ വേറ്റം

ഒരു സന്തുഷ്ടജനമെന്ന സ്ഥിതിയിൽ എത്തിച്ചേരുവാൻ നമ്മൾ എന്ത് ചെയ്യണം? നമ്മുടെ അനുഗ്രഹത്തിനും ഐക്യത്തിനും സമാധാത്തിനുമെതിരേ നിൽക്കുന്ന ഒരു അപ്രീയസത്യമുണ്ട്! അതിന്റെ വഴികളിൽ ഒന്നെത്തിനോക്കാം.

ഒരു പരാശക്തിയുണ്ടെന്നും ആ ആദ്യശക്തി പ്രപഞ്ചത്തെയും അതിലുള്ള സകലത്തെയും സൃഷ്ടിച്ചുവെന്നുമുള്ള വിശ്വാസംമൂലം മനുഷ്യൻ സ്ഥാപിച്ച, കർമ്മങ്ങളും ആചാരങ്ങളും ആരാധനകളുമുള്ള സംഘമോ സംഘടനയോ സമിതിയോ ആണല്ലോ മതം. ബുദ്ധിക്ക് എത്തുപെടാത്ത ഒരു അദൃശ്യലോകമുണ്ടെന്നും, മനുഷ്യന്റെ ഭൌമികജീവിതത്തിലെ പ്രവർത്തികൾ അവിടെ വിചാരണ ചെയ്യപ്പെടുമെന്നും, വിധിക്കപ്പെട്ട് മനുഷ്യാത്മാവ് മേലേ സ്വർഗ്ഗത്തിലീക്കോ താഴെ നരകത്തിലേക്കോ അയക്കപ്പെടുമെന്നും ഭൂരിപക്ഷമതങ്ങൾ വിശ്വസിക്കുന്നു. മരണാനന്തരം പുനരുത്ഥാനമോ പുനർജ്ജന്മമോ രൂപാന്തരമോ ഉണ്ടാകുമെന്ന വ്യത്യസ്തനിശ്ചയങ്ങളുമുണ്ട്.

മതവിശ്വാസങ്ങളുടെ അടിസ്ഥാനശിലകൾ മതഗ്രന്ഥങ്ങളാണ്. അവ മനുഷ്യനിർമ്മിതമാണ്. എങ്കിലും, ദൈവദത്തം, ദൈവവചനം, ദൈവനിശ്വസിതം എന്നും കരുതപ്പെടുന്നു. മനുഷ്യൻ എപ്പോൾ ഉണ്ടായി അഥവാ സൃഷ്ടിക്കപ്പെട്ടു എന്നതിന് വ്യക്തമായ തെളിവില്ല. മനുഷ്യന്റെ ആദിരൂപവും ഭാവവും എങ്ങനെയായിരുന്നുവെന്നും തീരുമാനിച്ചിട്ടില്ല. മനുഷ്യകുലത്തിൽ, ആശയവിനിമയവും ആരാധനയും ആചാരവും ആരംഭിച്ച നേരം സംബന്ധിച്ചും തിട്ടമില്ല.

( ഭാഷ, എന്ന പദത്തിന് പല അർത്ഥങ്ങൾ ഉണ്ടെങ്കിലും, ആശയവിനിമയത്തിനുള്ള ഒരു ഉപാധിയാണല്ലോ. ഭാഷാചരിത്രം മനുഷ്യജീവിതത്തോടു ബന്ധപ്പെട്ടതാണെങ്കിലും, ഭാഷ എവിടെ എങ്ങനെ എപ്പോൾ ഉത്ഭവിച്ചു എന്ന് തെളിയിച്ചിട്ടില്ല. കുറെ ഭാഷകൾ മാഞ്ഞുപോയിട്ടുണ്ടെങ്കിലും, ഇപ്പോൾ ആറായിരത്തോളം ഭാഷകൾ ഉണ്ടത്രേ. ആംഗ്യഭാഷ, എഴുത്തുഭാഷ, നാട്ടുഭാഷ, പാരമ്പര്യഭാഷ, മന്ത്രഭാഷ, രാഷ്ട്രഭാഷ എന്നപോലെ തരംതിരിച്ചിട്ടുമുണ്ട്. അവ മനുഷ്യന്റെ സാമൂഹ്യസഹകരണത്തിലൂടെ വികാസം പ്രാപിച്ചു. ഒരേ സമയത്താണോ എഴുത്തും സംസാരവും ഉണ്ടായത്? ആദ്യം ഏത് ഭാഷ പ്രവർത്തനത്തിൽ വന്നു? തുടങ്ങിയ നിരവധി ചോദ്യങ്ങൾക്ക് ശരിയായ ഉത്തരമില്ല. ആദ്യഭാഷ എപ്പോൾ എവിടെ ഉണ്ടായി എന്ന് നിച്ഛയിക്കാൻ ഗവേഷകർ ശ്രമി

ച്ചെങ്കിലും ഫലമുണ്ടായില്ല. എന്നാലും, ഒന്നരലക്ഷം വർഷം മുമ്പ്, ഈസ്റ്റ് ആഫ്രിക്കയിൽ സംസാരഭാഷ ഉത്ഭവിച്ചു എന്ന് അനുമാനം! )

കാണാത്ത കാര്യങ്ങളെ ഊഹിച്ചെടുത്തും, സങ്കല്പിച്ചും എഴുതിയ സംഗതികളാണല്ലോ മതഗ്രന്ഥങ്ങളുടെ ഒട്ടേറെ ഉള്ളടക്കങ്ങൾ. അവ, കാലാനുസൃതമായി കൂട്ടിച്ചേർത്തും, തിരുത്തിയും, വെട്ടിക്കുറച്ചും, വിവിധഭാഷകളിൽ വിവർത്തനം ചെയ്തും പ്രസിദ്ധീകരിച്ചതോടെ പരസ്പരഭിന്നങ്ങളായ വ്യാഖ്യാനങ്ങൾ ഉണ്ടായി. വിശ്വാസികൾ ചിതറി. പുതിയ മതവിഭാഗങ്ങളും, ധാരാളം ഉൾപ്പിരുവുകളും, പ്രവർത്തനത്തിൽ വന്നു. ഏകദൈവവിശ്വാസവും ബഹുദൈവാരാധനയും മതങ്ങളെ രണ്ട് ചേരികളിലാക്കി. ദൈവത്തിന്റെ രൂപമോ സാദൃശ്യമോ വച്ച് ആരാധിക്കരുതെന്നും, ശാത്രവിഹിതമായ ആചാരത്തിന് വിഗ്രഹം വേണമെന്നുമുള്ള വ്യത്യസ്തവിശ്വാസങ്ങൾ ഉണ്ടായി. അർച്ചന, ഉപാസന, പൂജ തുടങ്ങിയ പേരുകളിൽ ആരാധനകളും, വിവിധ നാമങ്ങളിൽ കാർമ്മികരും പ്രവർത്തിച്ചുതുടങ്ങി. പല ശീർഷകങ്ങളിൽ രൂപങ്ങളും, വ്യത്യസ്ത ആരാധനാലയങ്ങളും ഉയർന്നു. നിരീശ്വരവാദികൾ വർദ്ധിച്ചു. സംശയവാദികളും കുറവല്ല.

ആദ്യകാലത്ത്, പ്രകൃതിശക്തികളെയും കൊലയാളികളായ ജീവികളെയും മനുഷ്യൻ ആരാധിച്ചു. അതിനുമുപരി, ജീവനുള്ള മനുഷ്യരെ വെട്ടിക്കീറി പിഴുതെടുത്ത ഹൃദയവും ചുടുചോരയും അർപ്പിച്ചു! അതിന് സാക്ഷ്യംവഹിച്ച കർമ്മസ്ഥാനങ്ങളും, സ്മാരകശിലകളും ഇന്നത്തെ സന്ദർശകസ്ഥാപനങ്ങളാണ്! ഇപ്പൊഴും, ആട്മാടുകളുടെ രക്തംകുടിച്ച് ചില മതാചാരങ്ങൾ കരുതലോടെ ജീവിക്കുന്നു!

പതിനനഞ്ച് നൂറ്റാണ്ടുകൾക്ക് മുമ്പ്, വിവിധ ഘട്ടങ്ങളിൽ, പ്രവർത്തനമാരംഭിച്ച ഹിന്ദു ബുദ്ധ യഹൂദ ക്രൈസ്തവ ഇസ്ലാം മതങ്ങളും, അതിനുശേഷം സ്ഥാപിപ്പെട്ട പതിനാല് മതങ്ങളും, പിന്നീടുണ്ടായ പതിനൊന്ന് വ്യത്യസ്തസമുദായങ്ങളും, ഇക്കഴിഞ്ഞ ഒരുനൂറ് വർഷത്തിനുള്ളിലുണ്ടായ സഭകളും, പിന്നിട്ട രണ്ട് പതിറ്റാണ്ടിനുള്ളിൽ തുടങ്ങിയ പുത്തൻ " മിനിസ്ട്രി " കളും, ആരാധനയിലും വിശ്വാസത്തിലും പൂർവ്വാധികം ഭിന്നിച്ചു. തങ്ങളുടെ വിശ്വാസം അതുല്യവും വിശിഷ്ടവും സത്യവുമെന്ന് ഓരോ വിഭാഗവും അവകാശപ്പെടുന്നു. സത്യസന്ധതയും സൌഹൃദവും മനുഷ്യബന്ധങ്ങളും സംബന്ധിച്ച മാർഗ്ഗരേഖകൾ മായുന്നുവെന്നല്ലേ ഇത് തികച്ചും അർത്ഥമാക്കുന്നത്? കാണപ്പെടുന്ന ഈ അകൽച്ച, തുടർച്ചയാകുന്നു!

ബഹിരാകാശത്ത് സർവ്വതിനും മേലേ, സ്വർഗ്ഗാധിസ്വർഗ്ഗവും അതിന്കീഴിൽ മറ്റ് സ്വർഗ്ഗങ്ങളും താഴെ അധോലോകവും ഉണ്ടെന്നും, അവിടെ മരണശേഷം കർമ്മഫലം അനുഭവിക്കാനുള്ള ഇടമായ നരകവും ( ആത്മാവും ശരീരവും നഷ്ടപ്പെടുന്ന സ്ഥലം, ചാകാത്തപുഴുവും കെടാത്തതീയുമുള്ള പാതാളം അല്ലെങ്കിൽ ശെവോൽ ) സ്ഥിതി ചെയ്യുന്നുവെന്നും മതസ്ഥർ വിശ്വസിക്കുന്നു. മരണശേഷം മനുഷ്യാത്മാവ് സ്വർഗ്ഗത്തിലേക്ക് പോകുന്നുവെന്നും നേരേമറിച്ച് നരകകുണ്ഡത്തിലേക്ക് അഥവാ ശുദ്ധീകരണസ്ഥലത്തേക്ക് പോകുന്നതെന്നും രണ്ട് അഭിപ്രായങ്ങൾ. മനുഷ്യൻ ഭൌമികലോകത്തിൽ ചെയ്യുന്ന നന്മ തിന്മകളുടെ കണക്ക് സൂക്ഷിക്കുന്ന " ജീവന്റെപുസ്തകം " - സ്മരണയുടെ പുസ്തകം - ഉണ്ടെന്ന് ബൈബിൾ ( സങ്കി. **69 : 28** , മലാഖി. **3 : 16** ,

വെളി. **3 : 5** ). മനുഷ്യരുടെ പ്രവർത്തികളുടെ വിവരം കുറിച്ചുവച്ചിരിക്കുന്ന പുസ്തകം " അഗ്രസന്ധാനി " ഉണ്ടെന്ന് ഹിന്ദുമതം. ഇത് കാലന്റെ ( യമൻ ) കൈവശം ഉണ്ടത്രേ.

ദൈവത്തിന്റെ എതിരാളിയും മനുഷ്യന്റെ ശത്രുവും; അസാസേൽ, ഇബിലീസ്, ഗദരിൽ, ചെകുത്താൻ, പിശാച്, സാത്താൻ എന്നീ പേരുകളിൽ അറിയപ്പെടുന്ന ദുരാത്മാവും ഉണ്ടെന്ന് മതങ്ങൾ പഠിപ്പിക്കുന്നു. ദൈവത്തെ ആരാധിക്കുന്നതിനുവേണ്ടി മനുഷ്യൻ സൃഷ്ടിക്കപ്പെട്ടു എന്ന വിശ്വാസവും നിലനിൽകുന്നു! ലോകമെമ്പാടുമുള്ള വിഭിന്നമതങ്ങളെ വേർതിരിച്ചു നോക്കുമ്പോൾ, അനവധി അനാചാരങ്ങളെയും, അപരിഷ്കൃതവും ഉൾക്കൊള്ളാൻ കഴിയാത്തതുമായ നിരവധി ചട്ടങ്ങളെയും കാണാം. മന്ത്രവാദകർമ്മങ്ങളിലൂടെ, പലരും പരേതാത്മാക്കളുമായി സമ്പർക്കം പുന്നുലർത്തുന്നുവെന്ന പ്രചാരണവുമുണ്ട്. ദൈവികമതങ്ങൾക്ക് വിപരീതമായി, അബദ്ധന്യായം ഉന്നയിച്ചുകൊണ്ട്, സത്താന്യമതവും മറയത്തും വെളിയത്തും പടരുന്നു. ഈ സാഹചര്യത്തിൽ, ആധുനികശാത്രം എന്ത് നൽകുന്നുവെന്ന് ശ്രദ്ധിക്കേണ്ടതാണ്.

അതിരു് കാണാത്ത ആകാശവും, അസംഖ്യം നക്ഷത്രങ്ങളും ഗ്രഹങ്ങളുമൊക്കെയുള്ള, പ്രപഞ്ചത്തിന്റെ ഉത്ഭവത്തെക്കുറിച്ചു പഠിക്കാനും, ഏതെല്ലാം ഗ്രഹങ്ങളിൽ ജീവനുണ്ടെന്ന് കണ്ടെത്താനും ഗഗനതലങ്ങളിൽ ശാത്രപേടകങ്ങൾ സഞ്ചരിക്കുന്നു. പ്രപഞ്ചത്തിന്, ഏകദേശം ആയിരത്തിനാനൂറ് കോടി വർഷം പഴക്കമുണ്ടെന്നും, ഏകദേശം നനൂറ്റിഅറുപത് കോടി വർഷം മുമ്പ് സൌരയൂഥം ഉണ്ടാവുകയും , സൂര്യൻ പ്രകാശിക്കുകയും ചെയ്തുവെന്നും , ഏകദേശം, നനൂറ്റിഅൻപത്തിമൂന്ന് കോടി വർഷം മുമ്പ് ചന്ദ്രൻ ഉത്ഭവിച്ചുവെന്നും, ശാസ്ത്രം മനസ്സിലാക്കി! ആകാശത്തിനും ഭൂമിക്കും ഇടയിലുള്ള വായുമണ്ഡലം ഉണ്ടായത് ഏകദേശം നാനൂറ് കോടി വർഷത്തിന് മുമ്പായിരുന്നുവെന്നും, ഭൂമിയുടെ ഏകാദേശപ്രായം നാനുറ്റിഅൻപത്തി അഞ്ച് കോടി വർഷമാണെങ്കിലും, ഇന്നത്തെ അവസ്ഥയിലായത് അമ്പത് ദശലക്ഷം വർഷത്തിനുള്ളിലാണെന്നും, ഭൂഖണ്ഡങ്ങൾ പ്രത്യക്ഷ്യപ്പെട്ടിട്ട് ഏകദേശം നാനൂറ് കോടി വർഷം കൊഴിഞ്ഞുവെന്നും ശാസ്ത്രജ്ഞർ തിട്ടപ്പെടുത്തിയിട്ടുണ്ട്!

വ്യോമതലത്തിലുള്ള വിദ്യുത്കാന്തതരംഗങ്ങളിൽ ജീവിക്കാൻ മനുഷ്യന് സാദ്ധ്യമല്ലെന്ന് പഠിച്ചുവെങ്കിലും; എങ്ങനെ എപ്പോൾ മനുഷ്യൻ ഉണ്ടായി എന്ന് ശാസ്ത്രം പറയുന്നില്ലല്ലോ! സ്ഥലവും സമയവുമുൾപ്പടെ, എല്ലാം ഉത്ഭാവിച്ചത് ഒരു പ്രപഞ്ചതൽക്ഷണവികാസത്താലാണെന്നും രേഖപ്പെടുത്തി. ആകാശത്തിന്റെ ആഴങ്ങളിൽ അതിസൂക്ഷ്മനിരീക്ഷണം നടത്തുന്നശത്രജ്ഞർ, അവിടെ പ്രേഷണം ചെയ്യുന്ന ഊർജ്ജത്തെയും, നക്ഷത്രങ്ങളുടെ ഊർജ്ജ ഉത്പാദനത്തെയും, ഗ്രഹങ്ങളെയും സംബന്ധിച്ചു കുടുതൽവിവരങ്ങൾ ശേഖരിച്ചു. പ്രപഞ്ചം എങ്ങനെ ആരംഭിച്ചു വികസിച്ചു എന്നതിന്റെ രേഖാചിത്രവും ഉണ്ടത്രേ. ഭൂമിയുടെ ഘടന എന്തെന്നും, സമുദ്രങ്ങൾ എങ്ങന എപ്പോൾ ഉണ്ടായെന്നും പറയുന്നുണ്ട്. ആകാശത്തും ഭൂമിയിലും സാഗരങ്ങളിലുമുള്ള സംഗതികളെക്കുറിച്ചും പഠിക്കുന്നു! അഗ്നിപർവ്വതസ്പോടനം, കാലാവസ്ഥ, ഭൂകമ്പം, സുനാമി എന്നിവ സംബന്ധിച്ച മുന്നറിയിപ്പുകളും നൽകുന്നുണ്ട്.

ശാസ്ത്രവിവരങ്ങളടങ്ങിയ ഗ്രന്ഥങ്ങൾ നല്കുന്ന പ്രസ്തുത വിവരണങ്ങളിലധികവും പല മതസിദ്ധാന്തങ്ങളുടെയും വേരുകൾ വിച്ഛേദിക്കുന്നവയാണ്. അതുകൊണ്ടാവാം ചില ശാസ്ത്രപരീക്ഷണങ്ങളെ എതിർക്കാനും വഴിയടക്കാനും യാഥാസ്ഥിതികമത

ങ്ങൾ ശ്രമിച്ചത്. പ്രപഞ്ചത്തിന്റെ സ്രഷ്ടാവും പരമോന്നതശക്തിയും ദൈവമാകുന്നുവെന്ന വിശ്വാസത്തിൽ ഭൂരിപക്ഷ ജനം ഇപ്പോഴും ഉറച്ചുനില്ക്കുന്നു! എന്നുവരികിലും, ഒരു വസ്തുവിന്റെ ആസ്തികൃത്തിലുടെ പ്രപഞ്ചം ഉളവായി എന്ന സിദ്ധാന്തത്തിൽ പിടിച്ചുനിൽക്കുന്നവരും ഉണ്ടല്ലോ.

മതവിശ്വാസങ്ങൾ എന്തായാലും, ശാസ്ത്രസമൂഹത്തിന്റെ സംഘടിതപരിശ്രമം, യാഥാർത്ഥ്യങ്ങളുടെ പ്രകാശവഴിയിലെത്തിക്കുന്ന ഒരു മുഹൂർത്തം ഉണ്ടാകുമെന്നു പ്രതീക്ഷിക്കാം! സത്യസന്ധതയിലൂടെയാണല്ലോ ശാത്രയാത്ര!

മനുഷ്യരെ നിയന്ത്രിച്ച് അച്ചടക്കത്തിൽ നിറുത്തുന്ന മതാധിഷ്ഠിതരാജ്യങ്ങളിലുള്ളവരെക്കാൾ, കൂടുതൽ സന്തോഷവും സമാധാനവും സുഖവും സ്വാതന്ത്ര്യവും അനുഭവിക്കുന്നവർ, മതനിയന്ത്രണങ്ങളെ പിന്നിലാക്കി ഭരണം നടത്തുന്ന പരിഷ്കൃതരാജ്യങ്ങളിലാകുന്നുവെന്ന് തെളിഞ്ഞിട്ടുണ്ട്. അതുകൊണ്ട്, " ആന്ധവിശ്വാസങ്ങളും അനാചാരങ്ങളും അജ്ഞതയിൽ കുരുത്തതും സ്വാർത്ഥയിൽ തഴച്ചതുമാണ് " എന്ന ധാരണ പടരുന്നു. മരണാനന്തരജീവിതത്തിൽ സുകൃതമനുഭവിക്കാൻ ഇഹലോകവാസത്തിൽ ഞെരുക്കമനുഭവിക്കണമെന്ന സിന്താന്ധം യുക്തിഭംഗമാണെന്ന ചിന്തയും പൊന്തിവന്നിട്ടുണ്ട്. മനുഷ്യന്റെ ആത്മാവും ജീവനും ഒന്നല്ല പിന്നയോ രണ്ടാണെന്ന തർക്കവും പരിഹരിച്ചിട്ടില്ല!

തെളിവില്ലാത്ത സംഗതികളെ യഥാർത്ഥമെന്നുകരുതി അംഗീകരിക്കയൊ അയുക്തകാര്യങ്ങളെ സ്വീകരിക്കയോ ചെയ്യുന്നതാണല്ലോ അന്ധവിശ്വാസം. ഗുരുതരമായ കുറ്റം ചെയ്യാനും, അവ മറവ് ചെയ്യാനുള്ള പ്രവണതയും അതിലുണ്ട്. ഭൂലോകം മതങ്ങളാൽ ഭരിക്കപ്പെടണമോ അഥവാ ജനങ്ങളാൽ നയിക്കപ്പെടണമോ എന്ന ചോദ്യത്തിനും വേണം വേണ്ടാ എന്ന് രണ്ടുത്തരങ്ങൾ! മതനിയമങ്ങൾ എന്തായാലും, ഈ ലോകത്ത് താൽക്കാലികജിവികളായ മനുഷ്യർക്ക് സമഭാവനയോടും സമാധാനത്തോടും സ്നേഹത്തോടും കുടി ജീവിക്കുവാൻ സ്വാതന്ത്ര്യം നൽകുന്ന സുരക്ഷിതഭാവി ഉണ്ടാകണം.

സകല ജനങ്ങൾക്കും സമൃദ്ധനന്മ ഉണ്ടാകുവാനും, ലോകത്തെ സുരക്ഷയിലേക്കുനയിക്കുന്നതിനും, സർവ്വശക്തനായദൈവത്തെ നീതിപൂർവ്വംആരാധിക്കുന്നതിനും വേണ്ടി സ്ഥാപിക്കപ്പെട്ടവയാണ് കുറെ മതങ്ങൾ. എന്നാൽ, എല്ലാവരെയും പ്രകാശിതരാക്കണമെന്ന അനർഘലക്ഷ്യത്തോടെ പ്രവർത്തനമാരംഭിച്ച മതങ്ങളും ഉണ്ട്. അവ, കരുണയും സ്നേഹവും സാഹോദര്യവും ജീവിതശുദ്ധിയും പരിജ്ഞാനവും, ഭാഗിക ചിന്തകൂടാതെ സകലർക്കും നൽകി! മനുഷ്യരാശിയെ ഉദ്ധരിക്കാൻ സർവ്വരാജ്യങ്ങളിലും സഞ്ചരിച്ചുകൊണ്ടേയിരുന്നു. യഥാർത്ഥസന്തുഷ്ടി കൈവരുത്താനുള്ള ഏക സംഗതി സ്നേഹമാണെന്നു പഠിപ്പിച്ചു. വിശ്വസ്തതയുടെയും സത്യ-സന്ധതയുടെയും ഗുണങ്ങൾ പരസ്പരം പങ്കിടാൻ പ്രേരിപ്പിച്ചു, അടിമത്തം അവസാനിപ്പിക്കാനും അധ:സ്ഥിതരെ ഉയർത്താനും പ്രവർത്തിച്ചു. പക്ഷേ, വിമതവിദ്വേഷം അവയെ തടഞ്ഞു. ജാതിചിന്ത വളർത്തി. വിഭാഗീയതയാണ് കാരണം.

ഈ ഘട്ടത്തിൽ, ആഖിലലോകവും നിറഞ്ഞുനില്ക്കുന്ന യാഥാർത്ഥ്യമാണ് വിഭാഗീയത. അത്, അത്യന്തം അനുഗ്രഹീതമായ ജീവിതത്തിന് വിഘ്നമാണെന്നറിഞ്ഞിട്ടും, വിട്ടുകളയാൻ മതങ്ങൾ മടിക്കുന്നു. യുദ്ധങ്ങൾക്കും, ലോകവ്യാപകദുരിതങ്ങൾക്കും,

ഭീകരപ്രവർത്തനങ്ങൾക്കും വിഭഗീയത പ്രോത്സാഹനമായി. ചിന്താപ്രാപ്തിയില്ലാത്ത ആന്ധവിശ്വാസികളുടെ സമരായുധമായി. ജനങ്ങളുടെ വികസനപുരോഗതിക്കു വേണ്ട ഐക്യത്തിന്റെ അടിയന്തിരവേളകളിലും, ആഭ്യന്തരപ്രശ്നങ്ങൾ ഗുരുതരമാകുമ്പോഴും, ഇതരജനവിഭാഗങ്ങളെ വിഭഗീയത - ആ സ്വാർന്ഥനിഷ്ഠത - സഹായിക്കുന്നില്ല. നിസ്വാർത്ഥമായി സ്നേഹിക്കണമെന്നും, സ്നേഹത്താൽ എല്ലാം ക്ഷമിക്കണമെന്ന വിശുദ്ധവ്യവസ്ഥയുള്ളവരും, നന്മയാൽ തിന്മയെ ജയിക്കെണ്ടവർപോലും വളർച്ചക്കുവേണ്ടി വിഭാഗീയതയോടെ പ്രവർത്തിക്കുന്നു!

വിഭാഗീയത –ആ അപ്രീയസത്യം- മാർഗ്ഗദർശനമാക്കിയ മറ്റൊരുശക്തിയാണല്ലോ രാഷ്ട്രീയം. മതം ഒരു മയക്കുമരുന്നും ആന്ധവിശ്വാസങ്ങളുടെ ചുമടുതാങ്ങി യുമെന്നു പറഞ്ഞു പണ്ടുമുതലേ അപലപിക്കുന്ന രാഷ്ട്രിയപാർട്ടികളും, അവയെ ചുങ്കക്കാരുടെയും പാപികളുടെയും സത്രങ്ങളെന്നു വിശേഷിപ്പിച്ച സുന്ദരമതങ്ങളും, പരസ്പരം ചാരിനിന്ന്, ഇപ്പോൾ, അഴിമതി പങ്കിടുന്നു! അക്കാരണത്താൽ, സത്യത്തിന്റെ അനുഗ്രഹങ്ങൾ അപൂർവമായി. അഗതികൾ അവഗണിക്കപ്പെടുന്നു!

മതപരമായവിശ്വാസങ്ങൾ സമാന്തരമാണ്! അതുകൊണ്ട്, അവയുടെ ഭാവി എന്തായിരിക്കും? സ്നേഹമില്ലാത്ത സാമൂഹ്യസുവിശേഷങ്ങളിൽ, എന്നെങ്കിലും ഏകോപനത്തിന്റെ ധ്വനി ഉണ്ടാവുമോ? വിജ്ഞാനവും വിശ്വാസവും തമ്മിൽ പൊരുതുന്ന ഈ ഘട്ടത്തിൽ.

മനുഷ്യന്റെ ഇനിയുമുള്ള ജിവിതത്തിൽ ഉണ്ടാകാവുന്ന വെല്ലുവിളികളെ ഉചിതമായി നേരിടുന്നതിനും, എല്ലാവരും സൗഹൃദത്തിലായിരിപ്പാനും, ആശയവിനിമയത്തിലൂടെ സർവ്വദേശീയ സമാധാനം സ്ഥാപിക്കാനും സാധിക്കണം. ഇന്ന്; മത-വിഭാഗങ്ങളിലും, ജാതികളിലും, രാഷ്ട്രിയപാർട്ടികളിലും, സഭകളിലും, സാഹിത്യപ്രവർത്തനത്തിലും, സാംസ്കാരികസംഘടനകളിലുമൊക്കെയുള്ള വിഭഗീയതയും, വേർപെടാനും വേർപെടുത്താനുമുള്ള പ്രവണതയും പാടേ വെടിയണം. എല്ലാ ഇടുങ്ങിയവാതിലുകളും പൊളിച്ചുമാറ്റണം. അതിന്, ഒരിക്കലും നിലക്കാത്ത നിത്യദാനമായ നല്ല സഹകരണത്തിലേക്ക്, ആ നന്മയിലേക്ക്, സകല ജനങ്ങളും മതവിഭാഗങ്ങളും കാര്യഗൌരവത്തോടെ കടന്നുവരണം! അതിനായിരിക്കട്ടെ എല്ലാവരുടെയും അനന്തരപരിശ്രമം!

---